## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3175** — **19.06.2018-ൽ മറുപടിയ്ക്ക്**

**വാർദ്ധക്യകാല പെൻഷനും വിധവ പെൻഷനും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷമായി വാർദ്ധക്യ പെൻഷനും വിധവ പെൻഷനും പുതിയതായി വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ അനർഹരായ നിരവധി പേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ വരികയും ചെയ്തിട്ടുണ്ട്. യാതൊരു തരത്തിലും അർഹതയില്ലാത്തവർ നിയന്ത്രണരഹിതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ കടന്നു വന്നാൽ ആയത് ഈ പദ്ധതിയുടെ സുസ്ഥിരതയെ തന്നെ ബാധിക്കുന്ന സ്ഥിതി ഉണ്ടാകും. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം തടസ്സമേതുമില്ലാതെ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ പെൻഷൻ ലിസ്റ്റ് സ്ട്രീംലൈൻ ചെയ്യേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് താൽക്കാലികമായി ഡേറ്റാ എൻട്രി നിർത്തി വച്ചത്. എന്നാൽ വികലാംഗ പെൻഷനുള്ള ഡേറ്റാ എൻട്രി അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കാനും പുതുതായി പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ബി) | വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗിഫ്റ്റ്(ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ)ന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിലേക്കുള്ള നടപടികളുടെ മുന്നോടിയായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തിരം സർവ്വേ നടന്ന് വരുന്നു. പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | ഈ വിഷയത്തിൽ എന്തെങ്കിലും കോടതി ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | സേവന സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി അടിയന്തിരമായി അനുവദിക്കുന്നതിലേക്ക് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ഷൗക്കത്ത് അലി ബഹു.ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജി സമർപ്പിച്ചിരുന്നു. ബഹു.ഹൈക്കോടതി ഈ വിഷയം പരിശോധിക്കുകയും അനർഹരെ ഒഴിവാക്കുന്നതിലേക്ക് ഡേറ്റാ എൻട്രി തടഞ്ഞ് വച്ചിരിക്കുന്ന സർക്കാർ നടപടി തുടരാമെന്നും പ്രാദേശിക സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പുതിയ അപേക്ഷകൾ പ്രാദേശിക സർക്കാരിൽ സമർപ്പിക്കാനും ഹർജിക്കാരനോട് നിർദ്ദേശിക്കുകയും കോടതി ഉത്തരവ് തീയതിയായ 05.02.2018 മുതൽ 6 മാസത്തിനകം ഡേറ്റാ എൻട്രി അനുവദിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ